ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09-12-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. ഏഴ് ജില്ലകളിലെ പോളിങ് നിരക്ക് 18. 82 ശതമാനം. വോട്ടെടുപ്പ് പൊതുവേ സമാധാനപരം.

**The first phase of local body elections is underway in the state. Polling percentage in 7 districts stands at 18.74%. Voting is largely peaceful.**

2. രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. വോട്ടെടുപ്പ് മറ്റന്നാൾ.

**Campaigning for the second phase of elections ends today. Polling will be held the day after tomorrow.**

3. പാർലമെൻറിൻറെ ഇരുസഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ ആരംഭിച്ചു.

**Proceedings are progressing in both Houses of Parliament. Discussions on electoral reforms have begun in the Lok Sabha.**

4. കരകൗശല മേഖലയിലെ മികവിനുള്ള പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.

**President Droupadi Murmu presented Handicrafts Awards in New Delhi today to honour distinguished master craftspersons for 2023 and 2024.**

5. ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന്.

**The first match of the India–South Africa T20 series will be played today.**

****************************

## LSG POLL-1

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. വോട്ടെടുപ്പ് ആറാം മണിക്കൂറിലേക്ക് കടക്കാനിരിക്കേ, 18.82 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മികച്ച ജനപങ്കാളിത്തമാണ് രാവിലെ മുതൽ മിക്ക ബൂത്തുകളിലും ദൃശ്യമാകുന്നത്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴു ജില്ലകളിലാണ് ഇന്ന് വോട്ടെടുപ്പ്. രാവിലെ ഏഴു മണിക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് ആറു മണി വരെ നീളും.

****************************

## POLLING PERCENTAGE - DISTRICTS

തിരുവനന്തപുരം ജില്ലയിൽ നിലവിൽ 37.35 ശതമാനവും, കൊല്ലത്ത് 41.15 ഉം, പത്തനംതിട്ടയിൽ 39.75 ഉം ശതമാനം പോളിങ്ങാണ് ഇതുവരെ രേഖപ്പെടുത്തിയത്. ആലപ്പുഴയിൽ നിലവിൽ പോളിങ്ങ് ശതമാനം 42.73 ഉം, കോട്ടയത്ത് 40.68 ഉം ആണ്. ഇടുക്കിയിൽ 39.04 ഉം എറണാകുളത്ത് 42.83 ശതമാനവും ആണ് ഇതുവരെയുള്ള പോളിങ്ങ്.

****************************

## TVM, KOLLAM

തിരുവനന്തപുരം കോർപ്പറേഷനിൽ ഇതുവരെ 30.4 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആറ്റിങ്ങൽ, നെടുമങ്ങാട്, വർക്കല, നെയ്യാറ്റിൻകര നഗരസഭകളിലും,

പഞ്ചായത്ത് തലത്തിലും മികച്ച ജനപങ്കാളിത്തമാണ് വോട്ടെടുപ്പിൽ പ്രകടമാവുന്നത്. കൊല്ലം കോർപ്പറേഷനിൽ 33.21 ശതമാനം പേർ ഇതുവരെ വോട്ട് ചെയ്തു. പരവൂർ, കരുനാഗപ്പള്ളി, കൊട്ടാരക്കര, പുനലൂർ നഗരസഭാ മേഖലകളിലും, ജില്ലയിലെ പഞ്ചായത്തുകളിലും വോട്ടർമാരുടെ നീണ്ട നിര പോളിങ് ബൂത്തുകളിൽ ദൃശ്യമാകുന്നുണ്ട്.

****************************

## ALAPPUZHA, KOTTAYAM

ആലപ്പുഴ, ചേർത്തല, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ, ഹരിപ്പാട് നഗരസഭകളിലും, ജില്ലയിലെ പഞ്ചായത്തു തല ബൂത്തുകളിലും മികച്ച പോളിങ്ങാണ് ഇതുവരെ രേഖപ്പെടുത്തിയിരിക്കുന്നത്. കോട്ടയത്തും വോട്ടർമാരുടെ ഭാഗത്തു നിന്നും മികച്ച പങ്കാളിത്തം അനുഭവപ്പെടുന്നുണ്ട്. കോട്ടയം, ചങ്ങനാശ്ശേരി, പാല, വൈക്കം, ഏറ്റുമാനൂർ, ഈരാറ്റുപേട്ട നഗരസഭകളിലേക്കും, 71 ഗ്രാമ പഞ്ചായത്തുകളിലേക്കും, 11 ബ്ലോക്ക് പഞ്ചായത്തുകളിലേക്കുമാണ് ജില്ലയിൽ വോട്ടെടുപ്പ്. എറണാകുളം ജില്ലയിലാണ് ഇതുവരെയുള്ള കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയിരിക്കുന്നത്. കൊച്ചി കോർപ്പറേഷനിൽ 33.31 ശതമാനം പോളിങ് ഇതിനകം രേഖപ്പെടുത്തി. 13 നഗരസഭകളും, 82 ഗ്രാമപഞ്ചായത്തുകളും, 14 ബ്ലോക്ക് പഞ്ചായത്തുകളുമാണ് ജില്ലയിലുള്ളത്.

****************************

## ELECTION POSTPONED

സംസ്ഥാനത്ത് സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് മൂന്ന് ഇടങ്ങളിൽ തദ്ദേശ തിരഞ്ഞെടുപ്പ് മാറ്റിവെച്ചു. മലപ്പുറം പായ്പ്പാടം, തിരുവനന്തപുരം വിഴിഞ്ഞം, എറണാകുളം പാമ്പാക്കുട എന്നിവിടങ്ങളിലാണ് തിരഞ്ഞെടുപ്പ് മാറ്റിവെച്ചത്. പുതുക്കിയ തീയതി സംബന്ധിച്ച് പിന്നീട് വിജ്ഞാപനം ഇറക്കും. ഇനി

തിരഞ്ഞെടുപ്പ് നടക്കുമ്പോൾ നിലവിലെ സ്ഥാനാർത്ഥികൾ വീണ്ടും നാമനിർദ്ദേശപത്രിക നൽകേണ്ടതില്ല.

****************************

## IDUKKI (INTRO)

ഇടുക്കി ജില്ലയിൽ രാവിലെ മുതൽ ആവേശകരമായ പങ്കാളിത്തം വോട്ടർമാരിൽ നിന്നുമുണ്ടായി. പിന്നീട് തിരക്ക് അൽപം കുറഞ്ഞെങ്കിലും, ഉച്ചതിരിഞ്ഞ് കൂടുതൽ വോട്ടർമാർ ബൂത്തുകളിലേക്കെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജില്ലയിൽ നിന്നുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ... രതീഷ്, ആദിവാസി മേഖലകളിലും, മലയോരമേഖലകളിലും വോട്ടർമാരിൽ നിന്നും മികച്ച പ്രതികരണമാണോ ലഭിക്കുന്നത്?

(വോയ്സ്)

****************************

## LSG POLL-2

സംസ്ഥാനത്തെ 595 തദ്ദേശ സ്ഥാപനങ്ങളിലെ പതിനൊന്നായിരത്തിലധികം വാർഡുകളിലാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകൾക്ക് പുറമേ 39 നഗരസഭകളിലും, 471 ഗ്രാമപഞ്ചായത്തുകളിലും, 75 ബ്ലോക്ക് പഞ്ചായത്തുകളിലും, 7 ജില്ലാപഞ്ചായത്തുകളിലുമാണ് വോട്ടെടുപ്പ് പുരോഗമിക്കുന്നത്. ഒന്നാംഘട്ടത്തിൽ 36,630 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. പതിനയ്യായിരത്തിലേറെ പോളിങ്ങ് സ്റ്റേഷനുകൾ ആദ്യ ഘട്ട വോട്ടെടുപ്പിനായി ക്രമീകരിച്ചിട്ടുണ്ട്. ഏഴ് ജില്ലകളിലായി ഒരു കോടി 32 ലക്ഷത്തി 83,000-ലേറെ വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിക്കും. പോളിങ് സ്റ്റേഷനുകളിൽ വൈദ്യുതി, കുടിവെള്ളം, വിശ്രമിക്കാനുള്ള സൗകര്യം, റാമ്പ്, ക്യൂ സൗകര്യം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രായമായവർക്കും

ഭിന്നശേഷിക്കാർക്കും ശാരീരിക അവശതയുള്ളവർക്കും, ക്യൂ ഇല്ലാതെ തന്നെ വോട്ട് രേഖപ്പെടുത്തുന്നതിനുള്ള പ്രത്യേക സൗകര്യവും ലഭ്യമാണ്.

***************************

## PTA(INTRO)

പത്തനംതിട്ട ജില്ലയിലെ മലയോര, ഗ്രാമീണ മേഖലകളിൽ മികച്ച പങ്കാളിത്തം വോട്ടർമാരുടെ ഭാഗത്തു നിന്നും ദൃശ്യമാകുന്നു. ജില്ലയിൽ നിന്നുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി എസ് ശ്രീധർ തത്സമയം ചേരുന്നു.. ശ്രീജി, ജില്ലയിൽ വോട്ടെടുപ്പ് എങ്ങനെ പുരോഗമിക്കുന്നു. ഉച്ച തിരിഞ്ഞ് പോളിങ്ങ് ശതമാനം വലിയ തോതിൽ ഉയരാനാണോ സാധ്യത ?

(വോയ്സ്)

***************************

## ID CARD – VOTE

വോട്ട് ചെയ്യുന്നതിന് ഉള്ള തിരിച്ചറിയൽ രേഖയായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജീവനക്കാർക്ക് നൽകുന്ന ഓഫീസ് ഐഡി കാർഡും ഉപയോഗിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ . വോട്ടർ ഐ.ഡി കാർഡ്, ആധാർ കാർഡ്, ഡ്രൈവിങ് ലൈസൻസ്, പാസ്പോർട്ട്, പാൻകാർഡ്, ഫോട്ടോപതിച്ച ബാങ്ക് പാസ് ബുക്ക്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി ബുക്ക്, വോട്ടർസ്ലിപ്പ് എന്നിവയും തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം. പ്രവാസി വോട്ടർമാർക്ക് വോട്ട് ചെയ്യാനായി പോളിങ് സ്റ്റേഷനുകളിൽ നേരിട്ട് ഹാജരായി പാസ്പോർട്ടിന്റെ ഒറിജിനൽ കാണിക്കേണ്ടതാണ്.

***************************

## SECOND PHASE CAMPAINING

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിലേക്കുള്ള പരസ്യപ്രചാരണം ഇന്ന് വൈകിട്ട് ആറു മണിക്ക് അവസാനിക്കും. കലാശക്കൊട്ട് ഉൾപ്പെടെയുള്ള പരിപാടികൾ സമാധാനപരമായിരിക്കണമെന്ന് ജില്ലാ കളക്ടർമാർ നിർദേശം നൽകി. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിൽ വ്യാഴാഴ്ചയാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്.

***************************

## LS - RS - DISCUSSION

പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ ആരംഭിച്ചു . രാജ്യസഭയിൽ വന്ദേമാതരത്തിന്റെ 150-ാം വാർഷികം സംബന്ധിച്ച ചർച്ചകൾ ഉടൻ നടക്കും.

*****************************

## NDA PARLIAMENTARY PARTY

എൻഡിഎ പാർലമെന്ററി പാർട്ടി യോഗം പാർലമെന്റ് ഹൗസ് കോംപ്ലക്സിൽ ഇന്ന് ചേർന്നു . പ്രധാനമന്ത്രി നരേന്ദ്ര മോദി, അമിത് ഷാ, രാജ്നാഥ് സിംഗ്, ജെ പി നഡ്ഡ ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാർ, എൻഡിഎ എംപിമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

*****************************

## PREZ-HANDICRAFTS AWARDS

കരകൗശല മേഖലയിലെ മികവിനുള്ള പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. 2023, 24 വർഷങ്ങളിലെ പുരസ്കാരങ്ങളാണ് രാഷ്ട്രപതി വിതരണം

ചെയ്യുത്. രാജ്യത്തിൻറെ സമ്പന്നവും വൈവിധ്യപൂർണവുമായ കരകൗശല പാരമ്പര്യം പ്രോത്സാഹിപ്പിക്കുന്നതിനായാണ് പുരസ്കാരങ്ങൾ നൽകി വരുന്നത്.

***************************

## DGCA-MEETING

എയർലൈൻ പ്രവർത്തനങ്ങളും, യാത്രക്കാർക്ക് നൽകുന്ന സേവനങ്ങളും പരിശോധിക്കുന്നതിന് മുതിർന്ന ഉദ്യോഗസ്ഥർ വിമാനത്താവളങ്ങൾ സന്ദർശിക്കണമെന്ന് നിർദ്ദേശിച്ച് കേന്ദ്ര വ്യോമയാന മന്ത്രാലയം. സന്ദർശനത്തിനിടെ, യാത്രക്കാരിൽ നിന്ന് അഭിപ്രായങ്ങൾ ആരായണമെന്നും, പോരായ്മകൾ കണ്ടെത്തിയാൽ അവ ഉടനടി പരിഹരിക്കണമെന്നും മന്ത്രാലയം നിർദ്ദേശം നൽകി . നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തലിനായി വ്യോമയാന മന്ത്രി കെ റാം മോഹൻ നായിഡുവിന്റെ അധ്യക്ഷതയിൽ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിലാണ് നിർദ്ദേശമുണ്ടായത്.

***************************

## VOTER LIST REVISION

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിൻറെ ഭാഗമായി രാജ്യത്താകെ 50 കോടി 95 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്യുതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. ഇതോടെ 99.95 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി. 50 കോടിയോളം ഫോമുകൾ ഡിജിറ്റൈസ് ചെയ്യുതായും കമ്മിഷൻ വ്യക്തമാക്കി. കേരളത്തിൽ ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്യ ഫോമുകളുടെ എണ്ണം 2 കോടി 72 ലക്ഷത്തി 22, 745 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

***************************

## INDIA -SOUTH AFRICA T20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് കളി ആരംഭിക്കുക. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണുള്ളത്.